**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4378** | **09-08-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമാണം എത്ര ശതമാനം പൂർത്തിയായി; ബാക്കി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കാമോ; | (എ) | പാറ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ 17ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബഹു. ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പാറയുടെ രൂക്ഷമായ ദൗർലഭ്യം പരിഗണിച്ച് സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പാറ ലഭ്യമാക്കി എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനായി കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ദക്ഷിണ മേഖല റെയിൽവേയുടെ അംഗീകാരത്തിനായി 2019 മെയ് മാസത്തിൽ സമർപ്പിച്ചിരുന്നു. ടി DPR ന്റെ ഭാഗമായുള്ള Engineering Scale Plan ദക്ഷിണ റെയിൽവേ 2021 മെയ് മാസത്തിൽ അംഗീകരിക്കുകയുണ്ടായി. നിലവിൽ പദ്ധതിയുടെ Estimate മായി ബന്ധപ്പെട്ട സൂക്ഷ്മ പരിശോധന ദക്ഷിണ റയിൽവെ നടത്തിവരികയാണ്. |
| (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾക്ക് നൽകിയിട്ടുള്ള പുനരധിവാസ പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിഴിഞ്ഞം, വിഴിഞ്ഞം ഹാർബർ മേഖല, അടിമലത്തുറ എന്നിവിടങ്ങളിലുള്ള നിരവധിപേർക്ക് ഇനിയും ലഭ്യമാകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആനുകൂല്യങ്ങൾ എപ്പോൾ നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ? | (സി) | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ, റിസോർട്ട് ജീവനക്കാർ എന്നിവർക്കുള്ള ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തു കഴിഞ്ഞു. മോട്ടോർ ഘടിപ്പിച്ച യാനം വിഭാഗക്കാർക്ക് 2 വർഷക്കാലയളവിലേക്ക് സൗജന്യ മണ്ണെണ്ണയും വിതരണം ചെയ്തിട്ടുണ്ട്. കട്ടമര ഉടമസ്ഥരുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാന ത്തിലുള്ള തുടർനടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ